**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1829** **15-03-2022 - ൽ മറുപടിയ്ക്ക്**

**ഗുരുവായൂർ കെ.എസ്.ആർ.ടി.സി. ഡിപ്പോ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ.കെ. അക്ബർ | | null<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | ഗുരുവായൂർ കെ.എസ്.ആർ.ടി.സി. ഡിപ്പോയുടെ നവീകരണത്തിനായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ) | ഗുരുവായൂർ ഡിപ്പോയിൽ ആധുനിക രീതിയിലുള്ള ബസ് സ്റ്റേഷൻ കെട്ടിടം നിർമ്മിക്കുന്നതിന് മാസ്റ്റർ പ്ലാൻ തയ്യാറാക്കി സമർപ്പിക്കുന്നതിനു M/s. SILK Ltd. ന് 08/7/2021–ൽ കത്ത് നൽകിയിരുന്നു എങ്കിലും ടി സ്ഥാപനം മാസ്റ്റർ പ്ലാൻ തയ്യാറാക്കി സമർപ്പിച്ചിരുന്നില്ല. തുടർന്ന് മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിന് തൃശ്ശൂർ എൻജിനീയറിംഗ് കോളേജിന് 06/1/2022-ൽ കത്ത് നൽകിയിരുന്നു. എന്നാൽ ടി സ്ഥാപനം നാളിതുവരെ മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനുള്ള സന്നദ്ധത അറിയിച്ചിട്ടില്ല. |
| (ബി) | കോവിഡ് വ്യാപനം ആരംഭിച്ചതിന് ശേഷം പ്രസ്തുത ഡിപ്പോയിൽ നിന്നും എത്ര സർവ്വീസുകൾ നിലവിൽ നിർത്തിവെച്ചിട്ടുണ്ട് എന്നതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; ഈ സർവ്വീസുകൾ പുനരാരംഭിക്കുന്നതിന് വേണ്ടി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ? | (ബി) | കോവിഡ് വ്യാപനത്തിന് മുമ്പ് ഗുരുവായൂർ ഡിപ്പോയിൽ നിന്നും 44 സർവ്വീസുകൾ നടത്തിയിരുന്നു. കോവിഡിൻറെ കടുത്ത നിയന്ത്രണം നിലവിലുണ്ടായിരുന്ന കാലയളവിൽ 16 സർവ്വീസുകൾ മാത്രമാണ് ഓപ്പറേറ്റ് ചെയ്തിരുന്നതെങ്കിലും, ആയത് ഘട്ടംഘട്ടമായി ഉയർത്തി നിലവിൽ 28 സർവ്വീസുകൾ ഓപ്പറേറ്റ് ചെയ്യുന്നുണ്ട്. നിലവിൽ നിർത്തി വച്ചിട്ടുള്ള സർവ്വീസുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. 1. 19.00 ബാംഗ്ലൂർ 2. 16.00 തിരുവനന്തപുരം 3. 04.40 തിരുവനന്തപുരം 4. 15.10 ആലപ്പുഴ 5. 07.00 കോഴിക്കോട് 6. 05.45 പുൽപ്പള്ളി 7. 11.30 പളനി 8. 07.02 പാലക്കാട് 9. 06.45 കട്ടപ്പന 10. 15.10 മാനന്തവാടി 11. 06.35 കോഴിക്കോട് 12. 04.00 പാലക്കാട് 13. 04.30 പാലക്കാട് 14. 06.40 വൈറ്റില 15. 05.00 കോഴിക്കോട് 16. 06.10 കോഴിക്കോട് 2019 ഡിസംബർ മാസം വരെ ഓപ്പറേറ്റ് ചെയ്തിരുന്ന പ്രവർത്തന ചെലവ് ലഭ്യമായിരുന്ന സർവ്വീസുകൾ പുനരാരംഭിക്കുന്നതിന് നിർദ്ദേശം യൂണിറ്റുകൾക്ക് നൽകിയിട്ടുണ്ട്. പ്രവർത്തന ചെലവ് പോലും ലഭിക്കാത്ത സർവ്വീസുകൾ പുനരാരംഭിക്കുന്നതിന് നിലവിലെ സാമ്പത്തിക സ്ഥിതിയിൽ കഴിയാത്ത സാഹചര്യമാണുള്ളത്. |

സെക്ഷൻ ഓഫീസർ